# കേരള സർവകലാശാല

## ബിരുദ (FYUGP) പ്രവേശനം -2026

## ജനറൽ സ്പോട്ട് അലോട്മെന്റ്

### നിർദ്ദേശങ്ങൾ

- **എന്താണ് സ്പോട്ട് അലോട്മെന്റ്?**

ഡിഗ്രി കോഴ്‌സുകളിൽ നിലവിലുളള ഒഴിവുകൾ നികത്തുന്നതിലേക്കായി മേഖലാടിസ്ഥാനത്തിൽ ഒരു കേന്ദ്രത്തിൽ വച്ച് സർവകലാശാല നേരിട്ട് നടത്തുന്ന അലോട്ട്മെന്റ് പ്രക്രിയയാണ് സ്പോട്ട് അലോട്മെന്റ്.

- **ജനറൽ സ്പോട്ട് അലോട്മെന്റിൽ ആർക്കൊക്കെ പങ്കെടുക്കാം ?**

നിലവിൽ ഓൺലൈൻ രജിസ്ട്രേഷൻ ഉളള എല്ലാ വിഭാഗം (ജനറൽ, എസ് സി, എസ് റ്റി , എസ്.ഇ.ബി.സി, ഒ.ബി.സി, ഒ.ഇ.സി, ഒ.ബി.എച്ച്, ഒ.ബി.എക്സ്, എൽ സി മുതലായ) വിദ്യാർത്ഥികൾക്കും പങ്കെടുക്കാവുന്നതാണ്.

- **നിലവിൽ ഒരു രജിസ്ട്രേഷനും ചെയ്തിട്ടില്ലാത്ത വിദ്യാർത്ഥിക്ക് ഈ അലോട്ട്മെന്റിൽ പങ്കെടുക്കാൻ സാധിക്കുമോ?**

സാധിക്കും, നിലവിൽ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തിട്ടില്ലാത്ത വിദ്യാർത്ഥികളെ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്ത വിദ്യാർത്ഥികളുടെ അഭാവത്തിൽ, ഒഴിവുള്ള പക്ഷം അലോട്ട്മെന്റ് പ്രോസസിലേക്ക് പരിഗണിക്കുന്നതാണ്.

- ❖ **സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്നതിലേക്കായി വിദ്യാർത്ഥി എന്ത് ചെയ്യണം ?**

വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ടുമായി സ്പോട്ട് അലോട്ട്മെന്റ് നടക്കുന്ന സെന്ററുകളിൽ രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയം 8.30 മണി മുതൽ 10 മണി വരെ. ടി സമയം കഴിഞ്ഞു വരുന്നവരെ യഥാസമയം ഹാജരായ വിദ്യാർത്ഥികളെ പരിഗണിച്ച ശേഷം മാത്രമേ പരിഗണിക്കുകയുള്ളൂ.

- ❖ **സ്പോട്ട് അലോട്ട്മെന്റ് നടക്കുന്ന സെന്ററുകളിൽ ആരെയൊക്കെ പ്രവേശിപ്പിക്കും**

അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ നേരിട്ട് ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യ പത്രം (Authorization Letter) നൽകി രക്ഷകർത്താവിനെ/ പ്രതിനിധിയെ അയക്കാവുന്നതാണ്.

- ❖ **സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അഡ്മിഷൻ ലഭിക്കുമോ ?**

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്നതുകൊണ്ട് മാത്രം അലോട്ട്മെന്റ് ലഭിക്കണമെന്നില്ല. ഒഴിവുള്ള കോളേജ്/കോഴ്സുകളിലേക്ക് അലോട്ട്മെന്റ് ലഭിക്കാനാവശ്യമായ ഇൻഡക്സ് മാർക്ക്, റിസർവേഷൻ തെളിയിക്കുന്നതിലേക്കായുള്ള സർട്ടിഫിക്കറ്റുകൾ എന്നിവ വിദ്യാർത്ഥികളുടെ കൈവശം ഉണ്ടെങ്കിൽ മാത്രമേ അലോട്ട്മെന്റ് ലഭിക്കുകയുള്ളൂ.

- ❖ **എന്താണ് സീറ്റ് കൺവേർഷൻ ?**

നിലവിലെ റിസർവേഷൻ മാനദണ്ഡ പ്രകാരം ഓരോ വിഭാഗം വിദ്യാർത്ഥികൾക്കായി മാറ്റിവച്ചിരിക്കുന്ന സീറ്റുകൾ അവരുടെ അഭാവത്തിൽ ഒഴിവ് വരുന്ന പക്ഷം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അർഹരായ മറ്റ് വിഭാഗം വിദ്യാർത്ഥികൾക്കായി മാറ്റി നൽകുന്നു. (വിശദ വിവരങ്ങൾക്ക് പ്രോസ്പക്ടസ് പരിശോധിക്കുക)

❖ നിലവിൽ അഡ്മിഷൻ ലഭിച്ചവർക്ക് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ സാധിക്കുമോ ?

പങ്കെടുക്കാവുന്നതാണ്, മുൻ അലോട്ട്മെന്റുകളിൽ ആദ്യ ഓപ്ഷനായി (First Option) നൽകിയ കോളേജിൽ അലോട്ട്മെന്റ് ലഭിച്ച് പ്രസ്തുത കോളേജിൽ അഡ്മിഷനിൽ തുടരുന്ന വിദ്യാർത്ഥികളെ ( എസ്. സി / എസ്.ടി/ പി.ഡബ്ല്യൂ.ഡി വിഭാഗക്കാർ ഒഴികെ) സ്പോട്ട് അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല.

❖ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ വരുന്നവർ എന്തൊക്കെ ഡോക്യുമെന്റ്സ് കൊണ്ടുവരണം ?

രജിസ്ട്രേഷൻ നടത്തിയ പ്രൊഫൈലിന്റെ പ്രിന്റൗട്ട്, യോഗ്യത, ജാതി (Non-creamy Layer Certificate for SEBC Candidates and OEC candidates, Community Certificate for SC-ST Candidates, EWS Certificate for EWS Candidates) എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ / പകർപ്പുകൾ നിർബന്ധമായും കൈയിൽ കരുതേണ്ടതാണ്.

❖ എന്ത് അടിസ്ഥാനമാക്കിയാണ് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നത് ?

റിസർവേഷൻ കാറ്റഗറിയിൽ പ്രസ്തുത റിസർവേഷന് അർഹമാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടേയും ഇൻഡക്സ് മാർക്കിന്റേയും അടിസ്ഥാനത്തിലും മറ്റ് സീറ്റുകളിൽ ഇൻഡക്സ് മാർക്കിന്റെ മാത്രം അടിസ്ഥാനത്തിലുമാണ് സ്പോട്ട് അലോട്ട്മെന്റ് നടത്തപ്പെടുന്നത്.

❖ ഇൻഡക്സ് മാർക്ക് എവിടെ നിന്ന് മനസ്സിലാക്കാം ?

ഓരോ വിഷയത്തിന്റേയും ഇൻഡക്സ് മാർക്ക് വിദ്യാർത്ഥിയുടെ ഓൺലൈൻ രജിസ്ട്രേഷൻ പ്രൊഫൈലിൽ ലഭ്യമാണ്.

❖ വേക്കൻസി പൊസിഷൻ എവിടെ നിന്ന് ലഭിക്കും?

അഡ്മിഷൻ വെബ് സൈറ്റിന്റെ ഹോം പേജിൽ ലഭ്യമാക്കിയിട്ടുണ്ട് (**https://admissions.keralauniversity.ac.in/fyugp2026**)

❖ സ്പോട്ട് അലോട്മെന്റിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥിക്ക് അതേ അലോട്മെന്റിൽ മറ്റ് സീറ്റുകളിലേക്ക് പ്രവേശനം ലഭിക്കുമോ?

ഇല്ല. (ഒരു സോണിൽ അലോട്ട്മെന്റ് ലഭിക്കുന്നവരെ മറ്റൊരു സോണിലും അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല.)

❖ സ്പോട്ട് അലോട്ട്മെന്റിന് പുതിയ ഓപ്ഷൻ നൽകേണ്ടതുണ്ടോ ?

നൽകേണ്ടതില്ല. നിലവിൽ പ്രൊഫൈലിലുളള എല്ലാ കോഴ്സ് ഓപ്ഷനുകളും സ്പോട്ട് അലോട്മെന്റിലേക്ക് പരിഗണിക്കുന്നതാണ്. (കോളേജ് മാനദണ്ഡമല്ല.)

❖ സ്പോട്ട് അലോട്ട്മെന്റ് ലഭിക്കുന്നവർ ഫീ അടക്കേണ്ടതുണ്ടോ ?

ഇതു വരെ അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ (എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് 1390/- രൂപ, ജനറൽ മറ്റ് സംവരണ വിഭാഗങ്ങൾക്ക് 2800/- രൂപ) അടയ്ക്കേണ്ടതാണ്. ടി തുക ക്യാഷായി കൈയിൽ കരുതേണ്ടതാണ്, ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പ്രസ്തുത പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതേണ്ടതാണ്.

| മേഖല | തീയതി | പ്രോഗ്രാമുകൾ | സ്ഥലം |
|---|---|---|---|
| ആലപ്പുഴ | സെപ്റ്റംബർ 7 | എല്ലാ പ്രോഗ്രാമുകളും | യു.ഐ.ടി ആലപ്പുഴ |
| കൊല്ലം | സെപ്റ്റംബർ 8 | B.Sc, B.Com, BCA, BBA, BSW, B.Voc, BMS(Hotel Management) | എസ്. എൻ കോളേജ്, കൊല്ലം. |
| | സെപ്റ്റംബർ 9 | BA(All Subjects) | |
| പത്തനംതിട്ട | സെപ്റ്റംബർ10 | എല്ലാ പ്രോഗ്രാമുകളും | സെന്റ് സിറിൽസ് കോളേജ്, അടൂർ |
| തിരുവനന്തപുരം | സെപ്റ്റംബർ 11 | B.Sc (All Subjects) B.Com, BCA, BBA, BSW, B.Voc, BMS (Hotel Management) | കേരള സർവകലാശാല സെനറ്റ് ഹാൾ, പാളയം, തിരുവനന്തപുരം. |
| | സെപ്റ്റംബർ14 | BA (All Subjects) | |
| " കോളേജ് പ്രവേശനം സെപ്റ്റംബർ15, 16 തീയതികളിൽ " | | | |

രജിസ്ട്രാർ